# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 215 07/12/2018-ലെ മറുപടി

## ഡാം മാനേജ്മെന്റ്

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ.എൻ.എ. ഖാദർ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. പി. കെ. അബ്ദു റബ്ബ്**

കെ. കൃഷ്ണൻകുട്ടി
(ജലവിഭവ വകുപ്പ് മന്ത്രി)

എ) പ്രളയ സാഹചര്യങ്ങൾ വിലയിരുത്തി അതിൽ നിന്ന് ലഭിച്ച പാഠങ്ങൾ ഉൾക്കൊണ്ട് ബൃഹത്തായ ഒരു ഫ്ലഡ് മിറ്റിഗേഷൻ പ്ലാൻ തയ്യാറാക്കി നടപ്പാക്കുന്നതിന് ജലവിഭവ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചു തുടങ്ങിയോ ; വിശദമാക്കുമോ;

എ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ഡ്രിപ്പ്) പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ജലകമ്മീഷൻ, സംസ്ഥാനത്തെ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള 11 ഡാമുകളുടെയും ഒരു ബാരേജിന്റെയും ഡാം ബ്രേക്ക് അനാലിസിസ്, 2018 ഓഗസ്റ്റ് മാസം, സംസ്ഥാനത്തുണ്ടായ പ്രളയത്തിനു മുൻപ്തന്നെ ചെയ്യുകയും ഇനൻഡേഷൻ മാപ്പ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇനൻഡേഷൻ മാപ്പ് അനുസരിച്ച് ഡാമുകൾക്ക് കരട് എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കി, കേന്ദ്ര ജല കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളു.

ബി) വിദേശ രാജ്യങ്ങളിൽ പാലിക്കപ്പെടും പോലെ ഡാം മാനേജ്മെന്റും ഷട്ടർ ഓപ്പറേഷൻ മാനേജ്മെന്റും വ്യക്തമായ ഒരു മാനദണ്ഡത്തിൽ അധിഷ്ഠിതമാക്കി ഡാമുകളുടെ ജലനിരപ്പ് നിരന്തര നിരീക്ഷണത്തിന് വിധേയമാക്കുകയും അവ തുറന്നുവിടുന്നതിന് മുമ്പ് വ്യക്തമായ അറിയിപ്പുകൾ നൽകുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ബി ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഡാമുകളുടെ കാര്യക്ഷമമായ പരിപാലനത്തിനും പ്രവർത്തനത്തിനും കേന്ദ്ര ജലകമ്മിഷന്റെ മാർഗ്ഗ രേഖ അനുസരിച്ച് എമർജൻസി ആക്ഷൻ പ്ലാനിനു പുറമെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് മാനുവലും ഡ്രിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കി വരുന്നു. കൂടാതെ ഇന്റഗ്രേറ്റഡ് റിസർവോയർ ഓപ്പറേഷൻ, ഫ്ളഡ് ഫോർക്കാസ്റ്റിംഗ് എന്നിവ DRIP, NHP പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഡാം മാനേജ്മെന്റും , ഷട്ടർ ഓപ്പറേഷൻ

മാനേജ്മെന്റും ഏകോപിപ്പിച്ച് ഡാമുകളിലെ ജലനിരപ്പ് നിരന്തര നിരീക്ഷണത്തിന് വിധേയമാക്കുകയും അവ തുറന്നു വിടുന്നതിന് മുമ്പ് വ്യക്തമായ അറിയിപ്പുകൾ നൽകുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ